# പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

## എ.എൽ.പി. സ്കൂൾ, പുത്തൂർ.

# വിദ്യാലയ അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

വിദ്യാലയത്തിന്റെ പേര് : എ.എൽ.പി.സ്കൂൾ പുത്തൂർ.

മേൽവിലാസം : പുത്തൂർ

:(PO) കൊഴുമ്മൽ.

:(Pin) 670521.

Email : puthurschool1@gmail.com

വിദ്യാഭ്യാസ ഉപജില്ല : പയ്യന്നൂർ.

വിദ്യാഭ്യാസജില്ല : തളിപ്പറമ്പ്

പഞ്ചായത്ത് : കരിവെള്ളൂർ-പെരളം.

മാനേജ്മെന്റ് : എൻ.പി. കുഞ്ഞിരാമൻമാസ്റ്റർ
മെമ്മോറിയൽ എജ്യുക്കേഷണൽ
ചാരിറ്റബിൾ ട്രസ്റ്റ്.

## ഉള്ളടക്കം


1. ആമുഖം
2. സ്കൂൾ ചരിത്രം
3. നിലവിലുള്ള അവസ്ഥാ വിശകലനം.
4. അക്കാദമിക മേന്മകൾ; പോരായ്മകൾ.
5. വിദ്യാലയത്തിന്റെ ദർശനം.
6. പൊതുലക്ഷ്യങ്ങൾ.
7. മേഖലകൾ
    1. മലയാളം
    2. ഇംഗ്ലീഷ്
    3. പരിസരപഠനം
    4. ഗണിതം
    5. കലാകായിക പ്രവൃത്തിപരിചയ വിദ്യാഭ്യാസം.
    6. പ്രതിഭാ പോഷണ പരിപാടി.
    7. ഉച്ചഭക്ഷണ പരിപാടി
    8. സാമൂഹ്യ പിന്തുണ
8. പ്രവർത്തന കലണ്ടർ.

## 1. ആമുഖം

നവകേരള മിഷന്റെ ഭാഗമായി കേരളസർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാനമായ ലക്ഷ്യം ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്നതാണ്. ഒരു വിദ്യാഭ്യാസ സ്ഥാപനം ഭാവിയിൽ എങ്ങനെയായിത്തീരണമെന്ന് വിഭാവനം ചെയ്ത് അതിനായി എടുക്കുന്ന അക്കാദമിക ലക്ഷ്യം വിവരിക്കുന്ന രേഖയാണ് അക്കാദമിക മാസ്റ്റർപ്ലാൻ.

അഞ്ചാംതരം വരെയുള്ള എൽ.പി. സ്കൂളായി പ്രവർത്തിക്കുന്ന നമ്മുടെ സ്കൂളിൽ ഓരോ ക്ലാസിനും ഓരോ ക്ലാസ്മുറികളും ഒരു ഓഫീസ് മുറിയും പ്രീപ്രൈമറിക്ക് ഒരു ക്ലാസ്മുറിയും ഒരു കഞ്ഞിപ്പുരയും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മൂത്രപ്പുരയും 3 കക്കൂസുകളും കിണറും കുഴൽകിണറും കുട്ടികൾക്ക് കളിക്കുവാനുള്ള വിശാലമായ മൈതാനവും പാർക്കും ഓഡിറ്റോറിയവും ഉണ്ട്. ഹെഡ്മാസ്റ്റർ ഉൾപ്പെടെ ആറ് അധ്യാപകരും ഒരു പാചകത്തൊഴിലാളിയും ഉണ്ട്. ഈ അധ്യയന വർഷത്തിൽ 43 സ്കൂൾ കുട്ടികളും 4 പ്രീപ്രൈമറി കുട്ടികളുമാണ് നമ്മുടെ സ്കൂളിൽ ഉള്ളത്.

## 2. സ്കൂൾ ചരിത്രം.

കരിവെള്ളൂർ - പെരളം ഗ്രാമപഞ്ചായത്തിലെ പുത്തൂർ പ്രദേശം മുമ്പ് കൊടും കാടായിരുന്നു. 'ബുദ്ധ മഹർഷി' തപസ്സിരുന്നതിനാൽ 'ബുദ്ധത്തൂർ' എന്ന പേര് വന്നുവെന്നും അത് ലോപിച്ച് 'പുത്തൂർ' ആയി എന്നുമാണ് കേട്ടുകേൾവി. ധീരപടനായകൻ മുരിക്കഞ്ചേരി കേളുവിന്റെ പട സ്കൂളിനടുത്തുള്ള കോട്ടക്കുന്നിൽ തമ്പടിച്ചിട്ടുണ്ടായിരുന്നുവെന്നും പഴമക്കാർ പറയുന്നു. കുന്നുകളാൽ ചുറ്റപ്പെട്ട ഈ പ്രദേശം കാർഷിക പ്രധാനമാണ്.
വിദ്യാഭ്യാസപരമായി പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളെക്കാൾ പിന്നിലാണ്.

1911-ൽ കണ്ണൂർ അഴീക്കോട് സ്വദേശിയായ വായത്ത് നരിക്കോടി കല്യാണി ടീച്ചർ ഒരു കുടിപ്പള്ളിക്കൂടം സ്ഥാപിച്ചു. അവരുടെ മകളുടെ ഭർത്താവ് എൻ.പി. കുഞ്ഞിരാമൻ മാസ്റ്റർ ഈ പള്ളിക്കൂടം എലിമെന്ററി സ്കൂൾ ആയും 1929-ൽ ഒരു മിക്സഡ് സ്കൂളായും മാറി. അന്ന് സ്കൂൾ സ്ഥാപിക്കാനാവശ്യമായ ഭൂമി വാങ്ങിയത് നാട്ടുകാരനായ നെല്ല്യേരി കൃഷ്ണൻ നമ്പൂതിരിയിൽ നിന്നാണ്. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ പൊതു വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഇതിനാൽ ജനങ്ങൾക്ക് ലഭിച്ചു.

1948-ൽ കർഷകസമരത്തിൽ പങ്കെടുത്തതിന് കുഞ്ഞിരാമൻ മാസ്റ്ററുടെ മകനും സ്കൂളിലെ അധ്യാപകനുമായ എൻ.പി. ഭാസ്കരൻ മാസ്റ്ററുടെ യോഗ്യത സർട്ടിഫിക്കറ്റും സ്കൂളിന്റെ അംഗീകാരവും സർക്കാർ റദ്ദാക്കി. പിന്നീട് 1952-ൽ ആണ് സ്കൂളിന് വീണ്ടും അംഗീകാരം ലഭിക്കുന്നത്.

വിദ്യാലയത്തിൽ പഠിച്ച പ്രമുഖവ്യക്തികളിൽ ഒരാൾ സ്വാതന്ത്ര്യസമര സേനാനിയും കരിവെള്ളൂർ പെരളം പഞ്ചായത്ത് പ്രസിഡണ്ടുമായിരുന്ന പാവൂർ കുഞ്ഞിരാമനാണ്. കൂടാതെ ഉന്നത ഉദ്യോഗസ്ഥരായിരുന്ന കൊട്ടില കൃഷ്ണമാരാർ, കെ.ടി.വി. ഗോപാലൻ നായർ, ഡോക്ടറേറ്റ് നേടിയ ഡോ: പി. ഭാസ്കരൻ എന്നിവർ സ്കൂളിലെ പൂർവ വിദ്യാർഥികളാണ്.

3. <u>നിലവിലുള്ള അവസ്ഥാ വിശകലനം</u>

<u>ഭൗതി</u>കം: കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തിലെ പുത്തൂർ ഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന അഞ്ചാം ക്ലാസ് വരെയുള്ള ഒരു എൽ.പി. സ്കൂൾ. 1919-ൽ സ്ഥാപിതമായ സ്കൂൾ 106-ാം വർഷത്തിലേക്ക് കടന്നിരിക്കയാണ്.

2021-22 അധ്യയനവർഷത്തിൽ പുതിയ കെട്ടിടത്തിന്റെ പണികൾ പൂർത്തിയായി. 2022-ൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചു. കുട്ടികൾക്ക് ഇരിക്കാൻ മികച്ച ഫർണിച്ചർ ഉണ്ട്. എല്ലാ ക്ലാസിലും ലൈറ്റും ഫാനും ഉണ്ട്. I, II

ക്ലാസ്സുകളിലെ ചുമരുകൾ പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങളാൽ വർണ്ണാഭമാക്കിയിട്ടുണ്ട്. എല്ലാ ക്ലാസ് മുറികളിലും ക്ലാസ് ലൈബ്രറികളുണ്ട്. ആകെ 43 കുട്ടികളും 5 അധ്യാപകരുമാണ് ഇവിടെയുള്ളത്. സ്കൂളിന്റെ പഴയ കെട്ടിടത്തിൽ പ്രീപ്രൈമറി [KG] ആരംഭിച്ചിട്ടുണ്ട്. 04 കുട്ടികളും ഒരു അധ്യാപികയുമാണ് അവിടെയുള്ളത്. കൊറോണ കുട്ടികളിലുണ്ടാക്കിയ പഠനവിടവ് ഒഴിച്ചാൽ എല്ലാകുട്ടികളും പഠനത്തിൽ നല്ല നിലവാരം പുലർത്തുന്നു കഴിഞ്ഞവർഷം 7, LSS സ്കൂളിന് ലഭിച്ചു.

കുട്ടികൾക്ക് കളിക്കാനായി പാർക്കും വിശാലമായ കളിസ്ഥലവും ഉണ്ട്. പരിപാടികൾ അവതരിപ്പിക്കുന്നതിനും അസംബ്ലി ചേരുന്നതിനും ഓഡിറ്റോറിയവും ഉണ്ട്

## അക്കാദമിക നേട്ടങ്ങൾ

സ്കൂളിലെ മുഴുവൻ കുട്ടികളും ഭാഷ, ഗണിതം, ശാസ്ത്രം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ മികച്ച നിലവാരം പുലർത്തുന്നു. കലാകായിക പ്രവൃത്തിപരിചയ മേളകളിൽ പരിശീലിപ്പിക്കുന്നു, പങ്കെടുക്കുന്ന കുട്ടികൾ മികച്ച വിജയം കൈവരിക്കുന്നു. ക്വിസ് മത്സരങ്ങളിൽ മികച്ച വിജയം കൈവരിക്കുന്നു. എല്ലാ ദിനാചരണങ്ങളും നടത്തുന്നു. പഠനയാത്രകൾ നടത്തുന്നു. ഫീൽഡ്ട്രിപ്പ് നടത്തുന്നു. ലഘുപരീക്ഷണങ്ങൾ, സർവേ എന്നിവ ചെയ്യുന്നു. LSS പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നു. കൃത്യമായി യൂണിറ്റ് ടെസ്റ്റ് നടത്തുന്നു.

CPTA വിളിച്ച് ചേർന്ന് കുട്ടികളുടെ നിലവാരം ചർച്ച ചെയ്യുന്നു. പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകുന്നു. ഓണ പ്പരിപാടികളും ഓണസദ്യയും ഗംഭീരമായി നടത്തുന്നു. എല്ലാവർഷവും വാർഷികാഘോഷം ഗംഭീരമായി നടത്തുന്നു.

## അക്കാദമിക പോരായ്മകൾ

കൊറോണ കുട്ടികളിലുണ്ടാക്കിയ പഠന വിടവ് വലിയതോതിൽ എഴുത്തിനേയും വായനയേയും ബാധിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ പഠനത്തിന് പ്രത്യേകസൗകര്യം ഇല്ലാത്തതിനാൽ കൃത്യമായി ഐ.ടി. ക്ലാസ് നൽകാൻ കഴിയുന്നില്ല. ഐ.ടി. ഉപകരണങ്ങളുടെ കുറവുകളും ഇതിനെ ബാധിക്കുന്നു.

## വിദ്യാലയത്തിന്റെ ദർശനം

ഗുണത, ജനകീയത, വിശ്വാസ്യത.

## പൊതുലക്ഷ്യങ്ങൾ

## പൊതുലക്ഷ്യങ്ങൾ

* സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.
* വിദ്യാലയത്തിൽ പ്രവേശനം നേടിയ എല്ലാ കുട്ടികൾക്കും ഉയർന്ന നിലവാരമുള്ള പഠനം ഉറപ്പാക്കുക.
* എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും ഉള്ള അവസരങ്ങൾ ഒരുക്കി നൽകുക.
* കുട്ടികളുടെ കായിക ആരോഗ്യക്ഷമത ഉറപ്പാക്കുക.
* സർഗാത്മകത, ശാസ്ത്രബോധം, പരിസ്ഥിതി ബോധം, മാനവിക മൂല്യങ്ങൾ, ജനാധിപത്യമതനിരപേക്ഷ സംസ്കാരം എന്നിവ കുട്ടികളിൽ വളർത്തിയെടുക്കുക.

# മേഖലകൾ

## I. മലയാളം

1. എഴുത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക.
2. കുട്ടിയെ മികച്ച വായനക്കാരനാക്കുക. അതോടൊപ്പം പഠനനിലവാരം മെച്ചപ്പെടുത്തുക.
3. ഭാഷാവ്യവഹാര രൂപങ്ങൾ പരിചയപ്പെടുക.
4. കുട്ടികളുടെ സർഗവാസന പരിപോഷിപ്പിക്കുക.

## II. ENGLISH

1. To enable the students to speak English with confidence.
2. To read sentences with comprehension.
3. To develop writing skill.
4. To provide chances to listening.
5. To read simple stories.
6. Ask and answer simple questions.
7. To enrich vocabulary.
8. To make sentences.
9. Conveys expressions of introduction, gratitude, greeting, requests etc.. is normal situations.
10. Describe familiar objects.

## III. പരിസരപഠനം

1. നിരീക്ഷണത്തിന് പ്രാധാന്യം നൽകി കുട്ടികൾ സ്വയം അറിവ് കണ്ടെത്തൽ.
2. ശാസ്ത്രബോധം, പാരിസ്ഥിതിക ബോധം എന്നിവ വളർത്തിയെടുക്കൽ.
3. പരീക്ഷണങ്ങളിൽ ഏർപ്പെടൽ.
4. ശുചിത്വബോധം വളർത്തിയെടുക്കൽ.
5. നാട്ടിലെ ജലസ്രോതസ്സുകൾ, കുന്നുകൾ, കാവുകൾ, വയലുകൾ എന്നിവ സന്ദർശിക്കുന്നു.
6. പരിസ്ഥിതി പ്രശ്നങ്ങൾ പഠിക്കുന്നു.
7. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം എന്ന ആശയം ഉൾക്കൊണ്ട് മാലിന്യ സംസ്കരണത്തിൽ പ്രത്യേക ശ്രദ്ധിക്കുന്നു.
8. സയൻസ് ക്ലബ്ബിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നു.

## IV. ഗണിതം

1. സംഖ്യാബോധം വളർത്തുന്നു.
2. ഗണിതത്തിലെ അടിസ്ഥാന വസ്തുതകൾ ഉറപ്പിക്കൽ.
3. ചതുഷ്ക്രിയകളിൽ പ്രത്യേക പരിശീലനം നൽകൽ.
4. ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ.
5. പ്രശ്നാപഗ്രഥനം നടത്തൽ.
6. ഗണിതക്വിസ്, മാന്ത്രിക ചതുരങ്ങൾ എന്നിവക്ക് പ്രാധാന്യം നൽകുക.
7. മനക്കണക്കുകൾ ചെയ്യുന്നു.
8. നിത്യജീവിതത്തിലെ പ്രശ്നപരിഹാരത്തിന് ഗണിതം പ്രയോജനപ്പെടുത്തുന്നു.

V. കലാകായിക പ്രവൃത്തിപരിചയ വിദ്യാഭ്യാസം.

1. കുട്ടികളുടെ ചിത്രരചനാപാടവത്തെ പ്രോത്സാഹിപ്പിക്കുന്നു.
2. കായിക പരിശീലനം നൽകുന്നു.
3. പ്രവൃത്തിപരിചയത്തിന്റെ ഭാഗമായി പ്രവർത്തനങ്ങൾ നൽകുന്നു.
4. നാട്ടിലെ കലാകാരന്മാരെയും, വാദ്യോപകരണങ്ങളും കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.
5. കുട്ടികളിലെ കലയെ പ്രോത്സാഹിപ്പിക്കുന്നു.

VI. പ്രതിഭാപോഷണ പരിപാടി.

1. നാലാം ക്ലാസിലെ മുഴുവൻ കുട്ടികളെയും LSS പരീക്ഷ എഴുതാൻ തക്കവണ്ണം നിലവാരത്തിലെത്തിക്കും.
2. LSS ന് പ്രത്യേക പരിശീലനം നൽകും.
3. പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി മുൻനിരയിലെത്തിക്കും.

VII. ഉച്ചഭക്ഷണ പരിപാടി.

1. നാട്ടിൽ നിന്ന് ജൈവ പച്ചക്കറികളും ഇലക്കറികളും ശേഖരിച്ച് വിഭവസമൃദ്ധമായ ഉച്ചഭക്ഷണം നൽകും.
2. നല്ല ആഹാരശീലങ്ങളും ശുചിത്വശീലങ്ങളും കുട്ടികൾ നേടും.

VIII. സാമൂഹ്യ പിന്തുണ.

PTA, മാനേജ്മെന്റ് ഗ്രൂപ്പ്, സപ്പോർട്ടിംഗ് ഗ്രൂപ്പ് എന്നിവയുടെ സഹായം കൂടുതൽ കാര്യക്ഷമമാക്കും. CPTA, PTA എന്നിവ യഥാസമയം ചേരും. സമൂഹത്തിന്റെ പിന്തുണ ഉറപ്പാക്കും.

# പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ

## മലയാളം

1. അക്ഷരചിത്രങ്ങൾ വരച്ച് പതിപ്പാക്കുന്നു.
2. അക്ഷര പാട്ടുകൾ കേൾപ്പിക്കുന്നു.
3. പദക്കാർഡുകൾ ഉണ്ടാക്കുന്നു.
4. ചിഹ്നങ്ങൾ ഉറപ്പിക്കാൻ 'ആഭരണമണിയാം' പ്രവർത്തനം നൽകുന്നു.
5. വായനാ സാമഗ്രികൾ ഉണ്ടാക്കുന്നു.
6. ഫീൽഡ് ട്രിപ്പ് നടത്തുന്നു.
7. ചിത്രം നോക്കി കഥ പറയുന്നു.
8. മുഖംമൂടി ഉണ്ടാക്കി സംഭാഷണം അവതരിപ്പിക്കുന്നു.
9. പതിപ്പുകൾ ഉണ്ടാക്കുന്നു. സംയുക്തഡയറി എഴുതുന്നു.
10. വായനാകാർഡ് ഉണ്ടാക്കുന്നു.
11. അക്ഷരമാലയും ഉച്ചാരണവും പഠിപ്പിക്കുന്നു.
12. കുട്ടി കവിതകൾ ശേഖരിക്കുന്നു.
13. വിശകലന ചോദ്യങ്ങൾ ഉണ്ടാക്കുന്നു.
14. ക്ലാസ് ലൈബ്രറിയിൽ നിന്നും പാഠഭാഗവുമായി ബന്ധപ്പെട്ട പുസ്തകം തെരഞ്ഞെടുത്ത് വായിച്ച് ക്ലാസിൽ അവതരിപ്പിക്കുന്നു.

15. വായനശാല സന്ദർശിക്കുന്നു.

16. ക്ലാസ്തല വായനക്കൂട്ടം ഉണ്ടാക്കുന്നു.

17. രചനകളിൽ ഏർപ്പെടുന്നു - കഥ, കവിത.

18. ഭാഷാവ്യവഹാര രൂപങ്ങൾ പരിചയപ്പെടുന്നു.

19. നാടക സ്ക്രിപ്റ്റ് തയാറാക്കുന്നു.

20. ആശംസ കാർഡ്, കത്ത് എന്നിവ തയ്യാറാക്കുന്നു

21. മഹദ് വ്യക്തികളുടെ ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ.

## ENGLISH

1. Colouring
2. Puppet making.
3. word web.
4. Language games
5. Work sheet
6. Origami.
7. Video play.
8. Colouring pictures and make words.
9. Picture description.
10. Concept map.
11. Making Riddles.
12. Word ending game.
13. Choreography.
14. Making skit.
15. Reading stories.
16. Sentence making.
17. Making poster, Notice, Letters.
18. Making greeting cards.

# പരിസരപഠനം

1. സസ്യനിരീക്ഷണം.
2. ആൽബം തയ്യാറാക്കൽ.
3. ജന്തു നിരീക്ഷണം.
4. മഴ ഡയറി.
5. മഴ അളക്കൽ.
6. ഉറവകൾ തേടി യാത്ര.
7. പത്രവാർത്ത.
8. ഭക്ഷണ പതിപ്പ്.
9. ആരോഗ്യശീലങ്ങൾ – പോസ്റ്റർ
10. ഫീൽഡ് ട്രിപ്പ് – നെയ്ത്ത് കേന്ദ്രം.
11. മൺചിത്രങ്ങൾ ഉണ്ടാക്കുന്നു.
12. കൊളാഷ് – റോഡപകടങ്ങൾ.
13. രൂപരേഖ - സ്കൂൾ - ക്ലാസ്മുറി.
14. നക്ഷത്ര നിരീക്ഷണം.
15. കർഷകനുമായി അഭിമുഖം.
16. വീഡിയോ പ്രദർശനം
17. ഗാന്ധി – സിനിമ പ്രദർശനം.
18. കൂടുകൾ തേടാം – പക്ഷി നിരീക്ഷണം.
19. നാടൻ കളികൾ – ക്വിസ്.

അടിസ്ഥാന ശാസ്ത്രം.

1. ഫീൽഡ് ട്രിപ്പ് - സ്കൂൾ പരിസരം
2. പ്രദർശനം - സുഗന്ധവ്യഞ്ജനങ്ങൾ.
3. ആൽബം തയ്യാറാക്കൽ - ഔഷധസസ്യങ്ങൾ.
4. ഔഷധ തോട്ടനിർമ്മാണം.
5. മൈക്രോസ്കോപ്പ് ഉപയോഗിച്ച് നിരീക്ഷണം.
6. പരിസര നിരീക്ഷണം
7. കൊളാഷ് നിർമ്മാണം - ജലം, ഇന്ധനം.
8. വീഡിയോ പ്രദർശനം - കണ്ടൽക്കാട്, ചാന്ദ്രദിനം
9. പ്രോജക്ട് - സസ്യവൈവിധ്യം.
10. ലഘുപരീക്ഷണങ്ങൾ.
11. സെമിനാർ - ജലം
12. ICT - വിത്ത് മുളക്കൽ, ആരോഗ്യശീലങ്ങൾ മെച്ചപ്പെടുത്തൽ.
13. ശാസ്ത്രവിസ്മയ ചുമർ.
14. നിർമ്മാണം - ഉത്തോലകം, കളിപ്പാട്ടങ്ങൾ
15. ശാസ്ത്ര ക്വിസ്.
16. പോസ്റ്റർ നിർമ്മാണം.
17. ശാസ്ത്ര നാടകം - സ്കിറ്റ്.
18. ലഘുലേഖ.
19. വാന നിരീക്ഷണം
20. ശേഖരണം - വിത്തുകൾ.

ഗണിതം

1. ഡൈസ് കളി.
2. കോണിയും പാമ്പും കളി.
3. വണ്ടിയും ടയറും കളി.
4. പന്തിന്റെ കൂട്ടങ്ങൾ നിർമ്മിക്കൽ.
5. കൂട്ടാം, കുറക്കാം
6. രൂപങ്ങൾ കൊണ്ടുള്ള ചിത്രപ്പതിപ്പ്.
7. രൂപവും പൈപ്പും.
8. ക്ലോക്ക് നിർമ്മാണം.
9. ഗണിത ചിത്രങ്ങൾ.
10. മഞ്ചാടി കളി.
11. കൂട്ടാം രസിക്കാം.
12. സംഖ്യാകേളി
13. സംഖ്യാമാല
14. കളിനോട്ട് നിർമാണം.
15. മേനി പറച്ചിൽ.
16. അബാക്കസ് നിർമ്മാണം.
17. സംഖ്യാപടികൾ.
18. കലണ്ടർ വിസ്മയം.
19. മാന്ത്രിക ചതുരങ്ങൾ
20. ഗണിത ലാമ്പ് നിർമ്മാണം.
21. കലണ്ടർ പസിൽ നിർമ്മാണം.
22. അളവുകൾ - നിത്യജീവിതത്തിൽ.
23. കളിത്രാസ് നിർമ്മാണം.

## ഉപസംഹാരം

പുത്തൂർ എ.എൽ.പി.സ്കൂളിൽ പ്രവേശനം നേടുന്ന മുഴുവൻ കുട്ടികൾക്കും മികച്ച അക്കാദമിക നിലവാരം ഉണ്ടാക്കുക എന്നതാണ് പ്രധാനലക്ഷ്യം. ഇതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളും പ്രവർത്തനങ്ങളുമാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2025-'26 ൽ നടപ്പിലാക്കുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റും. ഇതിനായി മുഴുവൻ നാട്ടുകാരുടെയും രക്ഷിതാക്കളുടെയും പൂർവ്വ വിദ്യാർഥികളുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുകയാണ്.

ഏപ്രിൽ - മെയ്

| പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം. |
|---|---|---|
| ഗൃഹ സന്ദർശനം<br>മലയാളം മധുരം<br>പ്രവേശനോത്സവം തയ്യാറെടുപ്പ്. | ടീച്ചേഴ്സ്, PTA<br>ടീച്ചേഴ്സ്, കുട്ടികൾ<br>ടീച്ചേഴ്സ്, മാനേജ്മെന്റ് ഗ്രൂപ്പ്, PTA | 10,000/- |

ജൂൺ, ജൂലായ്, ആഗസ്റ്റ്, സെപ്തംബർ

| പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം. |
|---|---|---|
| അക്കാദമികം:-<br>അക്ഷരത്തെളിച്ചം, അക്ഷരവും ചിത്രവും ഉറയ്ക്കാനുള്ള പ്രവർത്തനങ്ങൾ. ഓണപ്പരീക്ഷ | ടീച്ചേഴ്സ് | 2000/- |
| ഹരിതം:-<br>സ്കൂൾ പൂന്തോട്ടം നവീകരിക്കുന്നു.<br>പച്ചക്കറിത്തോട്ടം നിർമിക്കൽ.<br>പരിസ്ഥിതിസംരക്ഷണം.<br>വൃക്ഷത്തൈ നടൽ. | ടീച്ചേഴ്സ്, PTA. | 10,000/- |

| പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം |
| --- | --- | --- |
| **സാഹിത്യം :-** | | |
| ബാലസഭ , ദിനാചരണങ്ങൾ , വാർത്താ ചാനൽ<br>വായനാക്കുറിപ്പ് തയ്യാറാക്കൽ , സംയുക്താ ഡയറി (I, II)<br>കലോത്സവം | ടീച്ചേഴ്സ് , കുട്ടികൾ | 10,000/- |
| **ശാസ്ത്രരംഗം :-** | | |
| കുട്ടി ശാസ്ത്രജ്ഞന്മാർ , ദിനാചരണങ്ങൾ , ലഘുപരീക്ഷണങ്ങൾ മേളകൾ | ടീച്ചേഴ്സ് , PTA , കുട്ടികൾ | 20,000/- |
| **ആരോഗ്യകായികം:-** | ടീച്ചേഴ്സ് , PTA | 10,000/- |
| കായികമേള | | |
| **അച്ചടക്കം :-** | ടീച്ചേഴ്സ് | |
| അസംബ്ലി - മലയാളം, ഇംഗ്ലീഷ് , ഹിന്ദി. | | |

ഒക്ടോബർ , നവംബർ , ഡിസംബർ

| പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം |
|---|---|---|
| അക്കാദമികം<br>അക്ഷരത്തെളിച്ചം<br>പാദവാർഷികപരീക്ഷയ്ക്കുള്ള പരിശീലനങ്ങൾ<br>LSS പരീക്ഷാപരിശീലനം<br>മോഡൽ പരീക്ഷകൾ<br>അർദ്ധവാർഷിക പരീക്ഷ<br>സംയുക്തഡയറി<br>വായനാക്കുറിപ്പുകൾ<br>ലഘുപരീക്ഷണങ്ങൾ<br>ബാലസഭ - സാഹിത്യം.<br>കലോത്സവം<br>ശാസ്ത്ര - സാമൂഹ്യശാസ്ത്ര - ഗണിതശാസ്ത്ര - പ്രവൃത്തിപരിചയ മേളകൾ<br>കായികമേള | | |